LIBRARY ARCHIVES Kerala Legislative Assembly

റേഷൻകടകളിലൂടെ പലവ്യഞ്ജന വിതരണം

64 [2814] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര റേഷൻകടകൾക്ക് പലവ്യഞ്ജന സാധനങ്ങൾ വിൽക്കുന്നതിന് അനുമതി നൽകി;

(ബി) ഇങ്ങനെ അനുമതി നൽകിയശേഷം കച്ചവടം ആരംഭിച്ചിട്ട് മതിയാക്കിയ ഏതെങ്കിലും റേഷൻകടകളുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) വീണ്ടും ഈ പദ്ധതി മറ്റു റേഷൻകടകൾക്കും അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1908 റേഷൻകടകളെ തെരഞ്ഞെടുത്തതിൽ സപ്ലൈകോ വിതരണം ചെയ്യുന്ന സാധനങ്ങൾ വിൽക്കുന്നതിന് 902 എണ്ണം ശബരിസ്റ്റോറുകളായി പ്രവർത്തിച്ചുതുടങ്ങി.

(ബി) ഇല്ല.

(സി) ശബരി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന തൽപ്പരരായ റേഷൻ വ്യാപാരികളുടെ ആവശ്യാനുസരണം കൂടുതൽ കടകൾ അനുവദിക്കുന്നതിന് നടപടി തുടർന്നുവരുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ഭക്ഷ്യകൂപ്പൺ

65 [2815] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ പൊതുവിതരണ സമ്പ്രദായം നിർത്തലാക്കാനും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കു മാത്രമായി ഭക്ഷ്യകൂപ്പൺ സമ്പ്രദായം നടപ്പിലാക്കാനുമുള്ള കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിൻമേൽ എന്തെങ്കിലും തരത്തിലുള്ള ചർച്ച നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?